# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4850 26.06.2019 -ലെ മറുപടിയ്ക്ക്**

## കാലടി സർവ്വകലാശാല ഭരണസമിതിയും ശിക്ഷാനടപടിയും


ചോദ്യം — ശ്രീ. അൻവർ സാദത്ത്

ഉത്തരം — **ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി )


| | | | |
|---|---|---|---|
| (എ) | കാലടി സർവ്വകലാശാലയിലെ അഴിമതിയും ധൂർത്തും ദുർഭരണവും തുറന്നുകാട്ടിയ ജീവനക്കാർക്ക് നേരെ സർവ്വകലാശാല ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ടെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; | (എ) & (ബി) | സർവ്വകലാശാലയുടെ എല്ലാ പ്രവർത്തനങ്ങളും നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് വിധേയമായാണ് നടക്കുന്നത്. യാതൊരുവിധ മുൻകൂർ നോട്ടീസും നൽകാതെ സർവ്വകലാശാല വൈസ് ചാൻസലറുടെ ഓഫീസ് ഉപരോധിക്കുകയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിനായി വൈസ് ചാൻസലറെ സന്ദർശിച്ച് മടങ്ങിയ സിൻഡിക്കേറ്റംഗവും വനിതാ അധ്യാപികയുമായ പ്രൊഫ (ഡോ.) ടി മിനി - യെ ബലാൽക്കാരമായി തടഞ്ഞ് വയ്ക്കുകയും സ്ത്രീത്വത്തെ അപമാനിക്കുകയും ചെയ്ത മൂന്ന് ജീവനക്കാരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിരുന്നു. പിന്നീട് അന്വേഷണം പൂർത്തിയായതിന്റെ അടിസ്ഥാനത്തിൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്മേലുള്ള സിൻഡിക്കേറ്റ് തീരുമാനത്തിന് വിധേയമായി, അച്ചടക്ക നടപടികൾ തുടരുമെന്ന വ്യവസ്ഥയോടെ അവരെ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുകയും അന്വേഷണ സമിതിയുടെ റിപ്പോർട്ടിന്മേൽ തീരുമാനമെടുക്കുന്നതിനായി വിഷയം സിൻഡിക്കേറ്റിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ജീവനക്കാർക്കെതിരെ ഭരണസമിതി നടത്തുന്ന നിയമവിരുദ്ധമായ ശിക്ഷാനടപടിയും സ്ഥലംമാറ്റവും റദ്ദാക്കാനും നിയമാനുസൃതമായി മാത്രം പ്രവർത്തിക്കാനും ഭരണസമിതിയ്ക്ക് നിർദ്ദേശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ.